LIBRARY ARCHIVES Kerala Legislative Assembly

മത്സ്യ സംസ്കരണ തൊഴിലാളികളുടെ മിനിമം വേതനം

218 (3654) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യസംസ്കരണ തൊഴിലാളികളുടെ മിനിമം വേതനം സംബന്ധിച്ച് മേഴ്സിക്കുട്ടിയമ്മ ചെയർപേഴ്സണായിട്ടുള്ള കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) റിപ്പോർട്ടിലെ എന്തൊക്കെ കാര്യങ്ങളാണ് നടപ്പിലാക്കിയിരിക്കുന്നത് : വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) മത്സ്യ സംസ്കരണ മേഖലയിലെ തൊഴിലാളികളുടെ മിനിമം വേതനം സംബന്ധിച്ച് ശ്രീമതി മേഴ്സിക്കുട്ടിയമ്മ ചെയർപേഴ്സണായി ഒരു കമ്മിറ്റി രൂപീകരിച്ചതായോ ഇതു സംബന്ധിച്ചുള്ള റിപ്പോർട്ട് സമർപ്പിച്ചതായോ ബന്ധപ്പെട്ട വിവരം സർക്കാരിലോ തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട വിവിധ ഏജൻസികൾ മുഖേന നടത്തിയ പരിശോധനയിലോ ലഭ്യമല്ല.

വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ.കൾ

219 (3655) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വാടക കെട്ടിടങ്ങളിൽ എത്ര ഐ.ടി.ഐ.-കൾ പ്രവർത്തിക്കുന്നുവെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ ;

(ബി) കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി അനുവദിച്ചു കിട്ടിയ കണ്ണൂർ ജില്ലയിലെ പെരിങ്ങോം ഐ.ടി.ഐ.-ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഈ സാമ്പത്തിക വർഷം തന്നെ ഫണ്ട് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കിയ താൽക്കാലിക സംവിധാനത്തിൽ പ്രവർത്തിക്കുന്ന വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ.-കളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.

(ബി) കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിൽ പെരിങ്ങോം വില്ലേജിൽ റീ-സർവ്വേ നമ്പർ 51-ൽപ്പെട്ട 202.35 ആർ സ്ഥലം പെരിങ്ങോം ഐ.ടി.ഐ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സ്ഥാപിക്കുന്നതിനായി ജി.ഒ. (എംഎസ്.) നമ്പർ 274/15/ റവന്യൂ തീയതി 26-6-2015 ഉത്തരവ് പ്രകാരം വ്യാവസായിക പരിശീലന വകുപ്പിന് ഉപയോഗാനുമതി നൽകി ഉത്തരവായിട്ടുണ്ട്. എന്നാൽ സ്ഥലം വകുപ്പിന്റെ അധീനതയിൽ ലഭ്യമായിട്ടില്ല. സ്ഥലം വകുപ്പിന്റെ അധീനതയിൽ ലഭ്യമാകുന്ന മുറയ്ക്ക് വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.*

നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (നൈസ്)

220 (3656) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലന്റ് പട്ടം എസ്.യു.റ്റി. ആശുപത്രി യുമായി ചേർന്ന്, മേനംകുളം കിൻഫ്രയിൽ ആരംഭിച്ച നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (നൈസ്) എന്ന സ്ഥാപനം നടത്തുന്നതുമൂലം നഴ്സിംഗ് കഴിഞ്ഞ വിദ്യാർത്ഥിനി, വിദ്യാർത്ഥികൾക്ക് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെന്ന് വിശദമാക്കുമോ ;

(ബി) കേരള സർക്കാർ ഇതിനുവേണ്ടി പ്രത്യേക ഫണ്ട് കൊടുത്തിട്ടുണ്ടോ ; ഇല്ലെങ്കിൽ കൊടുക്കാൻ പദ്ധതിയുണ്ടോ ; വിശദമാക്കുമോ ;

(സി) എത്ര കുട്ടികൾക്കാണ് ഇപ്പോൾ പ്രവേശനം നൽകുന്നത് ; ഈ കോഴ്സിന്റെ കാലാവധി എത്രനാളാണ് ; വിശദമാക്കുമോ ;

(ഡി) ഈ കോഴ്സിലേക്ക് ഇപ്പോൾ എത്ര നഴ്സുമാരെ തെരഞ്ഞെടുത്തിട്ടുണ്ട് ; ഇവർ ആരൊക്കെയെന്ന് പേര് സഹിതം വിശദമാക്കുമോ ;

(ഇ) ഈ കോഴ്സ് പഠിക്കുന്നവർക്ക് വിദേശത്ത് ജോലി ലഭിക്കുവാൻ മുൻഗണന ഉണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) വിദേശ രാജ്യങ്ങളുടെ അംഗീകാരമുള്ള പരിശീലന പദ്ധതിയാണ് നൈസ് തയ്യാറാക്കുന്നത്. ബേസിക് ലൈഫ് സപ്പോർട്ട്, അഡ്വാൻസ്ഡ് കാർഡിയാക്ക് ലൈഫ് സപ്പോർട്ട്, ക്വാളിറ്റി ആന്റ് പേഷ്യന്റ് സേഫ്റ്റി, ഇൻഫെക്ഷൻ പ്രിവൻഷൻ ആന്റ് കൺട്രോൾ, എമർജൻസി ആന്റ് ക്രിട്ടിക്കൽ കെയർ നഴ്സിംഗ് ആന്റ് വർക്ക് എത്തിക്സ് തുടങ്ങിയ വിഷയങ്ങളിൽ അന്താരാഷ്ട്ര അംഗീകാരമുള്ള സർട്ടിഫിക്കറ്റുകൾ നൈസ് നൽകും. മിനിസ്ട്രി ഓഫ് ഹെൽത്ത്,

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly